"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് വിഭാഗത്തിലേക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.677/2026/HEDN തീയതി,തിരുവനന്തപുരം, 11-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.902/2023/HEDN തീയതി 16-06-2023.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 20-02-2026 തീയതിയിലെ D3/579221/24 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് വിഭാഗത്തിലേക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി പരാമർശം (1) പ്രകാരം 2203-00-112-41-00-34-3-P-V എന്ന ശീർഷകത്തിൽ (ക്രമ നമ്പർ 13) ₹31,20,000/- (മുപ്പത്തൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് വിഭാഗത്തിലേക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി പുതുക്കി നൽകണമെന്ന് പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് വിഭാഗത്തിലേക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മുൻപ് അനുവദിച്ച ₹31,20,000/- (മുപ്പത്തൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ 2203-00-112-41-00-99-PV എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു. 2203-00-112-41 എന്ന പ്രധാന ശീർഷകത്തിൻ കീഴിലുള്ള മറ്റ് അനുയോജ്യമായ ഉപശീർഷകങ്ങളിൽ (Detailed/Object) നിന്നും 2203-00-112-41-00-99-IT-PV എന്ന ശീർഷകത്തിലേക്ക് തുക പുനഃക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അടിയന്തിരമായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SANTHOSHKUMAR P B**

അണ്ടർ സെക്രട്ടറി

പകർപ്പ് :

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (Vide UOF-EDN-C2/167/2026-FIN)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (HEDN-G2/144/2026-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Deepa N S

സെക്ഷൻ ഓഫീസർ

Date: 12-06-2026 11:33:37